"ഭരണഭാഷ - മാതൃഭാഷ"
വ്യാവസായിക പരിശീലനവകുപ്പ്
(കേരളസംസ്ഥാനം)

നമ്പർ:DT/1582/2020-A2

തൊഴിൽ ഭവൻ,
തിരുവനന്തപുരം
തീയതി: 28/05/2020

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- ട്രെയിനിംഗ് ഡയറക്ടറേറ്റ് -ജീവനക്കാര്യം -ഗസ്റ്റ് ഇൻസ്ട്രക്ടർമാർക്ക് വേതനം മാറി നൽകുന്നത് -സംബന്ധിച്ച്

സൂചന:- 1. 15.04.2020-ലെ ഡിറ്റി/1582/2020-എ 2 നമ്പർ സർക്കുലർ
2. 26.05.2020-ലെ സി1/150/2020-തൊഴിൽ നമ്പർ സർക്കാർ കത്ത്

ഐടിഐ-കളിലെ ട്രെയിനിംഗ് സെഷൻ അവസാനിക്കുന്നത് ജൂലൈ മാസത്തിലായതിനാൽ ഐടിഐകളിൽ താത്കാലികമായി നിയമിച്ചിട്ടുള്ള ഗസ്റ്റ് ഇൻസ്ട്രക്ടർമാർക്ക് ലോക്ക്ഡൗൺ കാലയളവിലെ വേതനം നൽകണമെന്ന് രണ്ടാം സൂചന പ്രകാരം സർക്കാർ അറിയിച്ചിരിക്കുന്നു. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.) ആയതിനാൽ ടൈംടേബിൾ പ്രകാരം ഗസ്റ്റ് ഇൻസ്ട്രക്ടർമാർ ഓരോമാസവും ക്ലാസ്സുകൾ കൈകാര്യം ചെയ്യേണ്ടിയിരുന്ന സമയം കണക്കാക്കി ഒരു മണിക്കൂറിനു 240/- രൂപ നിരക്കിൽ (പരമാവധി ഒരു മാസം 24000/- രൂപ എന്ന് നിജപ്പെടുത്തി) ഐടിഐ-കളിലെ ഗസ്റ്റ് ഇൻസ്ട്രക്ടർമാർക്ക് വേതനം നൽകേണ്ടതാണ് എന്നറിയിക്കുന്നു

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

സ്വീകർത്താവ്
പ്രിൻസിപ്പാൾ
എല്ലാ ഐടിഐകളും /ബിടിസി കൊല്ലം /എവിടിഎസ് കളമശ്ശേരി

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

തൊഴിലും നൈപുണ്യവും (സി) വകുപ്പ്

നമ്പർ.സി1-50-2020-തൊഴിൽ

26-05-2020, തിരുവനന്തപുരം

27 MAY 2020

ഗവ. അഡീഷണൽ ചീഫ് സെക്രട്ടറി.

ട്രെയിനിംഗ് ഡയറക്ടർ,
തിരുവനന്തപുരം

സർ,

വിഷയം:- തൊഴിലും നൈപുണ്യവും വകുപ്പ് - വ്യാവസായിക പരിശീലനം - താത്ക്കാലിക വ്യവസ്ഥയിൽ നിയമിക്കപ്പെട്ട ഗസ്റ്റ് ഇൻസ്ട്രക്ടർമാർക്ക് കോവിഡ് -19 പശ്ചാത്തലത്തിൽ ശമ്പളം നല്കുന്നത് സംബന്ധിച്ച്

സൂചന:- 1) താങ്കളുടെ 04.04.2020-ലെ 2/1575/2020 നമ്പർ കത്ത്.
2) 15.04.2020 ലെ ഇതേ നമ്പർ സർക്കാർ കത്ത്.

27/5/2020

സൂചനകളിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. ലോക്ക് ഡൗൺ കാലയളവിൽ കോൺട്രാക്ട്, കാഷ്വൽ, ദിവസവേതന പുറംകരാർ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് ഉത്തരവായിട്ടുള്ളതിനാലും ട്രെയിനിംഗ് സെക്ഷൻ ജൂലൈ വരെ ആയതിനാലും ലോക്ക് ഡൗൺ കാലയളവിൽ ഗസ്റ്റ് ഇൻസ്ട്രക്ടർമാർ ജോലി ചെയ്തതായി കണക്കാക്കി വേതനം നൽകാവുന്നതാണ് എന്ന വിവരം അറിയിക്കുന്നു.

A2
27/5/2020

വിശ്വസ്തതയോടെ,
**ആർ എസ് രജസി**
**അണ്ടർ സെക്രട്ടറി**
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ
Signature Not Verified
Digitally signed by BINDUMOL THOMAS
Date: 2020.05.27 10:25:44 IST
Reason: Approved
സെക്ഷൻ ഓഫീസർ.